(ബി) ഏറ്റവും ഒടുവിൽ പി.എസ്.സി.-ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തശേഷം പിന്നീട് ഒഴിവുകൾ വന്നിട്ടുണ്ടോ ; എങ്കിൽ ആയത് എന്നത്തേക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(സി) കൊല്ലം (സിറ്റി&റൂറൽ), ആലപ്പുഴ, പത്തനംതിട്ട പോലീസ് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ റിക്രൂട്ടിംഗ് ക്യാമ്പായ അടൂർ കെ.എ.പി. 3 ബറ്റാലിയനിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിന്റെ കാലാവധി അവസാനിക്കുവാൻ കേവലം പത്ത് മാസം മാത്രം അവശേഷിക്കെ പരമാവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 11-9-2014-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും 10-10-2014 വരെ 124 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിൻമേൽ നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാന പോലീസ് സേനയിൽ സ്ത്രീകൾക്ക് 33% സംവരണം

250 (3884) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ സ്ത്രീകൾക്ക് 33% സംവരണം ഏർപ്പെടുത്തണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഘട്ടംഘട്ടമായി പോലീസ് സേനയിൽ സ്ത്രീകൾക്ക് സംവരണം വർദ്ധിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 60 വനിതാ എസ്.ഐ.- മാരുടെയും 250 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും തസ്തികകൾ സൃഷ്ടിക്കുകയും ആയതിലേക്ക് നിയമനം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് പി.എസ്.സി.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എ.പി. 3 ബറ്റാലിയനിലെ ഒഴിവുകൾ നികത്താൻ നടപടി

251 (3885) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം സിറ്റി, കൊല്ലം റൂറൽ, ആലപ്പുഴ, പത്തനംതിട്ട എന്നീ പോലീസ് ജില്ലകളിലേക്കുള്ള സിവിൽ പോലീസ് ഓഫീസർമാരുടെ ട്രെയിനിംഗ് ക്യാമ്പായ അടൂർ KAP3 ബറ്റാലിയനിൽ അനുവദനീയമായ തസ്തിക എത്ര ; നിലവിലുള്ളവർ എത്ര ; ഒഴിവുകൾ എത്ര ;

(ബി) KAP3 ബറ്റാലിയനിൽ നിന്നും AR ക്യാമ്പിലേക്കും AR ക്യാമ്പുകളിൽ നിന്നും ലോക്കൽ സ്റ്റേഷനുകളിലേക്കും സിവിൽ പോലീസ് ഓഫീസർമാരുടെ ട്രാൻസ്ഫർ നടക്കാത്തതിന് കാരണം വിശദമാക്കുമോ ;

(സി) KAP3 ബറ്റാലിയനിലേക്ക് സിവിൽ പോലീസ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; എത്ര പേർക്ക് നിയമനം നൽകി വ്യക്തമാക്കുമോ ;

(ഡി) KAP3 ബറ്റാലിയനിൽനിന്നും നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(ഇ) KAP3 ബറ്റാലിയനിൽ 2015 സെപ്തംബർ വരെ എത്ര പ്രതീക്ഷിത ഒഴിവുകളാണ് ഉണ്ടാവുക; വ്യക്തമാക്കാമോ ;

(എഫ്) പ്രതീക്ഷിത ഒഴിവുകളുൾപ്പെടെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly